# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.12.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 9 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.12.2015-ലെ മിനിട്സ് അംഗീകരിച്ചു

## 2. പൊതുവിഷയങ്ങൾ

**2.1** **1200** തദ്ദേശഭരണ സ്ഥാപനങ്ങൾ **1285.70** കോടി രൂപ **(21.16 %)** ചെലവഴിച്ചതായും ഇതിൽ **978** ഗ്രാമപഞ്ചായത്തുകൾ **748.67** കോടി രൂപയും **(23.54%)**, **147** ബ്ലോക്ക് പഞ്ചായത്തുകൾ **153.19** കോടി രൂപയും **(20.92 %)**, **14** ജില്ലാ പഞ്ചായത്തുകൾ **158.72** കോടി രൂപയും **(17.47%)**, **56** മുനിസിപ്പാലിറ്റികൾ **131.71** കോടി രൂപയും, **(20.56%)**, **5** കോർപ്പറേഷനുകൾ **93.41** കോടി രൂപയും **(23.54%)**, ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീ അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന ഫണ്ടുകൾ 19.09.2015-ലെ ജി.ഒ.(പി)419/2015/ഫിൻ ഉത്തരവ് പ്രകാരം വികസനഫണ്ട് ജനറലിലേയ്ക്ക് മാറ്റിയത് നിമിത്തം തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുമായി ബഹു.പഞ്ചായത്ത്/ഗ്രാമവികസന/നഗരകാര്യ വകുപ്പു മന്ത്രിമാർ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു

**2.3** സേവാഗ്രാം/ ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വ്യക്തവും വിശദവുമായ സർക്കുലർ പുറപ്പെടുവിക്കുന്നതുവരെ മറ്റ് നടപടികൾ തൽക്കാലം നിർത്തി വയ്ക്കാൻ ഗ്രാമപഞ്ചായത്തുകളോട്/നഗരഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.4** നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ ഇ-ടെണ്ടർ അവലംബിക്കേണ്ടി വരുന്ന സാഹചര്യത്തിൽ നിർവഹണരീതിയിൽ മാത്രം ആവശ്യമായ മാറ്റം വരുത്താൻ അനുവദിച്ച് തീരുമാനിച്ചു.

**2.5** 2016 ജനുവരി 7,8,9 തീയതികളിൽ കോഴിക്കോട് നടക്കുന്ന സാമൂഹ്യനീതി ദിനാഘോഷത്തിന് കോഴിക്കോട് ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25000 രൂപയും മുനിസിപ്പാലിറ്റികൾ 50000 രൂപയും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

**2.6** വനിത ഘടക പദ്ധതി സംബന്ധിച്ച് കുടുംബശ്രീ സി.ഡി.എസ് മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് യോഗം തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ഹൈക്കോടതിയുടെ സ്റ്റേ ഉള്ള എസ്.സി.പി. പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 നീണ്ടകര ഗ്രാമപഞ്ചായത്ത്

കമ്പ്യൂട്ടർ അധിഷ്ഠിത ഏക വർഷ കോഴ്സായ ഡി.സി.എയ്ക്ക് പഠിക്കുന്ന രണ്ട് എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തിരുവനന്തപുരം കോർപ്പറേഷൻ

ഇ.എം.എസ്. ഭവനപദ്ധതിയിൽ അനുവദനീയമായതിൽ കൂടുതൽ തറ വിസ്തീർണ്ണത്തിൽ വീടു പണി പൂർത്തിയാക്കിയതിന് നാലാം ഗഡു നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പിറവം മുനിസിപ്പാലിറ്റി

പുതുതായി രൂപീകരിച്ച പിറവം മുനിസിപ്പാലിറ്റിക്ക് വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ നിലവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 10 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 കേരള സ്റ്റേറ്റ് ഗവ.ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ നിവേദനം (ഫയൽ നം232/ ഡി.എ1/15/തസ്വഭവ)

പ്രോജക്ട് നിർവഹണത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർമാർ നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച് വിശദമായ നിവേദനം സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 കോട്ടയ്ക്കൽ നഗരസഭ

നിലവിലുള്ള 3 വാഹനങ്ങളിൽ ഒരെണ്ണം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കൈമാറി തുടർ ചെലവ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയോടെ പുതിയ വാഹനം വാങ്ങുന്നതിന് അനുമതി 10 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.7 മാട്ടൂൽ ഗ്രാമ പഞ്ചായത്ത്

നിലവിലുള്ള ബൊലേറോ ജീപ്പ് പാലിയേറ്റീവ് കെയറിനായി കൈമാറുന്നതിനാൽ ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ 10 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ബൊലേറൊ ജീപ്പ് പി.എച്ച്.സെന്ററിന് കൈമാറി തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ് കമ്മിറ്റി വഹിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.8 താനൂർ നഗരസഭ

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2015–16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താനൂർ ഗ്രാമപഞ്ചായത്തിലെ 11 പ്രോജക്ടുകൾ ഇപ്പോൾ ടി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായ സാഹചര്യത്തിൽ ഒഴിവാക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതായി നഗരസഭ അറിയിച്ചു. താനൂർ ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറി എന്ന ഒറ്റ കാരണം കൊണ്ട് പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടുകൾ ഒഴിവാക്കേണ്ടതില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.7 പയ്യാവൂർ ഗ്രാമപഞ്ചായത്ത്

പൊതുവിഷയങ്ങൾ ഇനം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.45–ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം ഡിസംബർ 16–ന് ഉച്ചകഴിഞ്ഞ് 2.30–ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അസംബ്ലി ചേമ്പറിൽ ചേരുന്നതാണ്.**